(ബി) ഈ തസ്തികകളിലെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണ് ;

(ഡി) ഈ തസ്തികകളിലെ റിപ്പോർട്ട് ചെയ്ത വേക്കൻസികളിലുള്ള നിയമനം എന്നത്തേക്ക് നടത്തുമെന്ന് വ്യക്തമാക്കാമോ ;

(ഇ) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ, തസ്തികകളിലേക്ക് ആകെ 426 ഒഴിവുകളും പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ തസ്തികകളിലേക്ക് ആകെ 46 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ 150 ഒഴിവുകളിലേക്ക് നിയമന ശിപാർശ നടപടികൾ പുരോഗമിക്കുന്നു. പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ തസ്തികകളുടെ റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേക്കും നിയമന ശിപാർശ നടത്തിയിട്ടുണ്ട്.

(ഇ) യൂണിഫോംഡ് ഫോഴ്സിലേക്ക് വാർഷിക വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്ക് 12-3-2015-ൽ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് 26.09.2015-ന് ഒ.എം.ആർ. പരീക്ഷ നിശ്ചയിച്ചിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികളിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി.-യിൽ നടപടികൾ പുരോഗമിക്കുന്നു. ഈ സാഹചര്യത്തിൽ നിലവിലെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുവാൻ ശിപാർശ ചെയ്യുന്നത് അഭികാമ്യമല്ല.

കുമാരി സീതാലക്ഷ്മിക്ക് കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിൽനിന്നും ടി.സി.

9(5588) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 അദ്ധ്യയന വർഷം ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് ഒ.ഇ.സി. ക്വാട്ട (തിയ്യ)യിൽ അഡ്മിഷൻ ലഭിച്ചിരുന്ന B-Tech വിദ്യാർത്ഥിനിയായിരുന്ന കുമാരി സീതാലക്ഷ്മിക്ക് ടി.സി.യും സർട്ടിഫിക്കറ്റുകളും തിരികെ ലഭിക്കുന്നത് സംബന്ധിച്ച് ഗവ.സെക്രട്ടേറിയറ്റിലെ ഫയൽ എഡ്യൂക്കേഷൻ വകുപ്പിലെ (2272/J/H എഡ്യൂക്കേഷൻ/15) ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 11-1-2007-ലെ സ.ഉ.(എംഎസ്.) നമ്പർ 3/2007/പജ.വി.വ.പവ ഉത്തരവ് പ്രകാരം പഠനം ഇടയ്ക്ക് നിർത്തി വച്ച് പോകുന്ന പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ലിക്വിഡേഷൻ ഡാമേജ് ഈടാക്കേണ്ടതില്ല എന്നിരിക്കെ കുമാരി ജി. സീതാലക്ഷ്മി ലിക്വിഡേഷൻ ഡാമേജ് നൽകാതെ തന്നെ ടി.സി.യും മറ്റ് സർട്ടിഫിക്കറ്റുകളും തിരികെ നൽകാൻ എന്ത് തടസ്സമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നിയമതടസ്സങ്ങൾ ഒന്നുംതന്നെ ഇല്ലെങ്കിൽ കുമാരി സീതാലക്ഷ്മിയിൽ നിന്നും ലിക്വിഡേഷൻ ചാർജസ് ഈടാക്കാതെ ടി.സി.യും, വിദ്യാഭ്യാസ സർട്ടിഫിക്കറ്റും തിരികെ നൽകാൻ കോളേജ് അധികൃതർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-സി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

കസ്തൂരിരംഗൻ റിപ്പോർട്ട്

10(5589) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ പ്രധാനമന്ത്രിയുമായുള്ള ചർച്ചയിൽ മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധമായി കേരളം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) അന്തിമ വിജ്ഞാപനത്തിന് മുന്നോടിയായി കേന്ദ്രം ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും കേരളം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനാവശ്യമായ വിവരങ്ങൾ 30-7-2015-ന് മുമ്പ് കേന്ദ്രസർക്കാരിന് നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly